gulfmadhyamam
2014 മേയ് 23 ● വെള്ളി

# കെ.എസ്. രാജുവിന്റെ കുടുംബത്തിന് ഒരുമ സഹായം കൈമാറി

കുവൈത്ത് സിറ്റി: കുവൈത്തിൽ ഹിസ്കോ കമ്പനിയിൽ ജോലിചെയ്യവെ മരിച്ച ആലപ്പുഴ മാവേലിക്കര വെട്ടിയാർ കലീക്കൽവീട്ടിൽ കെ.എസ്. രാജുവിന്റെ കുടുംബത്തിന് കെ.ഐ.ജി ഒരുമ സാമൂഹ്യക്ഷേമ പദ്ധതിയുടെ ഭാഗമായി സഹായധനം കൈമാറി.

ജമാഅത്തെ ഇസ്‌ലാമി ഹരിപ്പാട് ഏരിയ പ്രസിഡന്റ് ഡോ.ഒ. ബഷീർ രാജുവിന്റെ വീട് സന്ദർശിച്ചാണ് മൂന്ന് ലക്ഷം രൂപ കൈമാറിയത്. വെൽഫെയർ പാർട്ടി ആലപ്പുഴ ജില്ലാ സെക്രട്ടറി സദ്റുദ്ദീൻ സംബന്ധിച്ചു. അര ദീനാർ രജിസ്ട്രേഷൻ ഫീസും ഒരു ദീനാർ വാർഷിക വരിസംഖ്യയും നൽകി അംഗമാകുന്നവർ മരിച്ചാൽ അവർ നിർദേശിച്ച വ്യക്തിക്ക് രണ്ട് ലക്ഷം രൂപയും ഒരു വർഷത്തിലധികം തുടർച്ചയായി അംഗമായി തുടരുന്നവർ മരിച്ചാൽ മൂന്ന് ലക്ഷം രൂപയും നൽകുന്നതാണ് പദ്ധതി. കൂടുതൽ വിവരങ്ങൾക്ക് 97939049 എന്ന നമ്പറിൽ ബന്ധപ്പെടുകയോ www.orumakuwait.com എന്ന സൈറ്റ് സന്ദർശിക്കുകയോ ചെയ്യാം.